**മധുരമായ കുട്ടികളേ – നിങ്ങൾക്ക് ഡബിൾ കിരീടധാരി രാജാവാകണമെങ്കിൽ നന്നായി സേവനം ചെയ്യൂ, പ്രജകളെ തയ്യാറാക്കൂ, സംഗമത്തിൽ നിങ്ങൾക്ക് സേവനം തന്നെയാണ് ചെയ്യേണ്ടത്, ഇതിൽ തന്നെയാണ് മംഗളം ഉള്ളത്.**

**ചോദ്യം :–** പഴയ ലോകത്തിന്റെ വിനാശത്തിന് മുമ്പ് എല്ലാവർക്കും ഏതൊരു അലങ്കാരം ചെയ്യണം.?
**ഉത്തരം :–** നിങ്ങൾ കുട്ടികൾ യോഗബലത്തിലൂടെ തന്റെ അലങ്കാരം ചെയ്യൂ, ഈ യോഗബലത്തിലൂടെ തന്നെയാണ് മുഴുവൻ വിശ്വവും പാവനമാകുക. നിങ്ങൾക്ക് ഇപ്പോൾ വാനപ്രസ്ഥത്തിലേയ്ക്ക് പോകണം, അതിനാൽ ഈ ശരീരത്തെ അലങ്കരിക്കേണ്ട ആവശ്യമില്ല. ഇത് കാൽ കാശിന് വിലയില്ലാത്തതാണ്, ഇതിനോടുള്ള മമത്വം ഉപേക്ഷിക്കൂ. വിനാശത്തിന് മുമ്പ് ബാബയ്ക്ക് സമാനം ദയാഹൃദയനായി തന്റേയും, മററുളവരുടേയും അലങ്കാരം ചെയ്യൂ. അന്ധന്മാരുടെ ഊന്നുവടിയാകൂ.

**ഓംശാന്തി.** ഇപ്പോൾ കുട്ടികൾക്ക് നന്നായി മനസ്സിലായി, അതായത് ബാബ വരുന്നത് പാവനമായി മാറാനുള്ള വഴി പറഞ്ഞുതരുന്നതിനാണ്. ബാബയെ വിളിക്കുന്നത് തന്നെ ഈ ഒരു കാര്യത്തിന് വേണ്ടിയാണ്, അതായത് വരൂ വന്ന് നമ്മളെ പതീതത്തിൽ നിന്ന് പാവനമാക്കൂ എന്തുകൊണ്ടെന്നാൽ പാവന ലോകം കഴിഞ്ഞിരിക്കുന്നു, ഇപ്പോൾ പതീത ലോകമാണ്. പാവനലോകം എപ്പോൾ കഴിഞ്ഞുപോയി, എത്ര സമയമായി, ഇത് ഒരാൾക്കും അറിയില്ല. നിങ്ങൾ കുട്ടികൾ അറിയുന്നുണ്ട് ബാബ ഈ ശരീരത്തിൽ വന്നിരിക്കുകയാണ്. നിങ്ങൾ തന്നെയാണ് വിളിച്ചത് ബാബാ വരൂ വന്ന് നമ്മൾ പതീതർക്ക് വഴി കാണിക്കൂ, നമ്മൾ എങ്ങനെ പാവനമാകും ? ഇതും അറിയുന്നുണ്ട് നമ്മൾ പാവന ലോകത്തായിരുന്നു, ഇപ്പോൾ പതീത ലോകത്താണ്. ഇപ്പോൾ ഈ ലോകം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്നു. പഴയ ലോകത്തിന്റെ ആയുസ്സ് എത്ര, പുതിയ ലോകത്തിന്റെ ആയുസ്സ് എത്ര – ഇത് ആർക്കും അറിയില്ല. ഉറപ്പുള്ള ഒരു കെട്ടിടം പണിയൂ പറയാൻ കഴിയും അതിന്റെ ആയുസ്സ് ഇത്ര വർഷമാണ്. അതുപോലെ ഉറപ്പില്ലാത്ത കെട്ടിടത്തിന്റെ ആയുസ്സും എത്ര വർഷമാണ് എന്ന് പറയുവാൻ കഴിയും. ഇത് എത്ര വർഷം വരെ പോകുമെന്ന് മനസ്സിലാക്കുവാൻ കഴിയും. പക്ഷേ ഈ മുഴുവൻ ലോകത്തിന്റേയും ആയുസ്സ് എത്രയാണ് ? ഇത് മനുഷ്യർക്കാർക്കും അറിയില്ല. അപ്പോൾ തീർച്ചയായും ബാബയ്ക്ക് വന്ന് പറഞ്ഞുതരണം. ബാബ പറയുന്നു – കുട്ടികളേ, ഇപ്പോൾ ഈ പതീത ലോകം അവസാനിക്കും. പുതിയ പാവന ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. പുതിയ ലോകത്തിൽ വളരെകുറച്ച് മനുഷ്യർ മാത്രമേ ഉള്ളൂ. പുതിയ ലോകം സത്യയുഗം, അതിനെ സുഖധാമമെന്നും പറയുന്നു. ഇത് ദു:ഖധാമം, ഇതിന്റെ അന്തിമം തീർച്ചയായും ഉണ്ടാകും. പിന്നീട് സുഖധാമിന്റെ ഹിസ്റ്ററി ആവർത്തിക്കും. എല്ലാവർക്കും ഇത് മനസ്സിലാക്കികൊടുക്കണം. ബാബ നിർദ്ദേശം നൽകുകയാണ് കുട്ടികളേ സ്വയത്തെ ആത്മാവ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ പിന്നീട് മറ്റുള്ളവർക്കും ഈ വഴി പറഞ്ഞു കൊടുക്കൂ. ലൗകിക അച്ഛനെ എല്ലാവരും അറിയും, എന്നാൽ പാരലൗകിക അച്ഛനെ ആരും അറിയുന്നില്ല. സർവ്വവ്യാപിയെന്ന് പറയുന്നു . മൽസ്യ – കൂർമ്മ അവതാരം അഥവാ 84 – ലക്ഷം യോനിയിൽ പോലും കൊണ്ടിട്ടു. ലോകത്തുള്ള ഒരാളുപോലും ബാബയെ അറിയുന്നില്ല. ഒരുപക്ഷേ കല്ലിലും, മുള്ളിലും ഉണ്ടെങ്കിൽ പിന്നെ സമ്പത്തിന്റെ കാര്യമേ വരുന്നില്ല. ദേവതമാരുടെ പൂജ ചെയ്യുന്നു, പക്ഷേ ഒരാളുടെ പോലും കർത്തവ്യം അറിയില്ല, പൂർണ്ണമായും ഈ കാര്യങ്ങളിൽ അജ്ഞാനമാണ്. അതിനാൽ ആദ്യമാദ്യം മുഖ്യ കാര്യം മനസ്സിലാക്കികൊടുക്കണം. കേവലം ചിത്രങ്ങളിലൂടെ യാതൊന്നും മനസ്സിലാക്കില്ല. മനുഷ്യർ പാവപ്പെട്ടവർ ബാബയെ അറിയുന്നില്ല, അതുപോലെ ആരംഭം മുതൽ ഈ രചന എങ്ങനെ രചിച്ചു ? ഈ രചനയെ കുറിച്ചും അറിയുന്നില്ല. ദേവതമാരുടെ രാജ്യം എപ്പോഴായിരുന്നു, അവരെ പൂജിക്കുന്നു, പക്ഷേ ഒന്നും അറിയുന്നില്ല. മനസ്സിലാക്കുന്നു ലക്ഷക്കണക്കിന് വർഷം സൂര്യവംശി രാജധാനി, ലക്ഷകണക്കിന് വർഷം ചന്ദ്ര വംശി രാജധാനി ഉണ്ടായിരുന്നു, ഇതിനെയാണ് പറയുന്നത് അജ്ഞാനം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ മനസ്സിലാക്കി തരുന്നു, അത് നിങ്ങൾ ആവർത്തിക്കണം. ബാബയും റിപ്പീററ് ചെയ്യുകയാണല്ലോ. അങ്ങനെ മനസ്സിലാക്കി കൊടുക്കൂ, സന്ദേശം കൊടുക്കൂ ഇല്ലായെങ്കിൽ രാജധാനി എങ്ങനെ സ്ഥാപിക്കും. ഇവിടെ ഇരിക്കുന്നതിലൂടെ സ്ഥാപിക്കപ്പെടില്ല. അതെ, വീട്ടിൽ ഇരിക്കുന്നവരും വേണം. അവരാണെങ്കിൽ ഡ്രാമയനുസരിച്ച് ഇരിക്കുകയാണ്. യജ്ഞം സംരക്ഷിക്കുന്നവരും വേണം. ബാബയുമായി മിലനം ആഘോഷിക്കുവാൻ എത്ര കുട്ടികളാണ് ബാബയുടെ അടുത്ത് വരുന്നത്,എന്തുകൊണ്ടെന്നാൽ ബാബയിൽ നിന്ന് സമ്പത്ത് എടുക്കണം. ലൗകിക അച്ഛന്റെ അടുത്ത് കുട്ടി ജന്മം എടുക്കുമ്പോൾ മനസ്സിലാക്കുന്നു നമ്മൾക്ക് അച്ഛനിൽ നിന്ന് സമ്പത്ത് എടുക്കണം. പെൺകുട്ടിയാണെങ്കിൽ ഹാഫ് പാർട്ട്ണറാകുന്നു. സത്യയുഗത്തിൽ ഒരിക്കലും സമ്പത്തിനു വേണ്ടി വഴക്കോ, ലഹളയോ ഉണ്ടാകുന്നില്ല. ഇവിടെ കാമ വികാരത്തിന് മേൽ വളരെയധികം ലഹളയുണ്ടാകുന്നു. അവിടെ ഈ അഞ്ച് വികാരം ഇല്ലാത്തതു കാരണം

ദു:ഖത്തിന്റെ പേരോ, അടയാളമോ ഇല്ല. എല്ലാവരും നഷ്ടോമോഹയിലായിരിക്കും. ഇതും മനസ്സിലാക്കുന്നു സ്വർഗ്ഗം ഉണ്ടായിരുന്നു, അത് കഴിഞ്ഞുപോയി. ചിത്രവും ഉണ്ട് പക്ഷേ ഈ ചിന്ത ഇപ്പോൾ നിങ്ങൾ കുട്ടികൾക്കാണ് വരുന്നത്. നിങ്ങൾ അറിയുന്നു ഈ ചക്രം ഓരോ 5000 – വർഷത്തിന് ശേഷവും ആവർത്തിക്കുന്നു. സൂര്യവംശി – ചന്ദ്രവംശി രാജധാനി 2500 – വർഷം ഉണ്ടായിരുന്നു, ഇത് ഒരു പുരാണങ്ങളിലും എഴുതിയിട്ടില്ല. ബറോഡയിലെ രാജഭവനിൽ രാമായണം വായിച്ചിരുന്നു, ഈ വാർത്ത പത്രത്തിലും വന്നിരുന്നു. എന്തെങ്കിലും ആപത്ത് വരുമ്പോൾ ഭഗവാനെ സന്തോഷിപ്പിക്കുവാൻ മനുഷ്യർ ഭക്തിയിലും മുഴുകുന്നു. പക്ഷേ അങ്ങനെയൊന്നും ഭഗവാൻ സന്തുഷ്ടനാകുന്നില്ല. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ഭക്തിയിലൂടെ ഒരിക്കലും ഭഗവാൻ സന്തുഷ്ടനാകുന്നില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് അരകൽപ്പം ഭക്തി, സ്വയം ദു:ഖം എടുത്തു. ഭക്തി ചെയ്ത് ചെയ്ത് എല്ലാ സമ്പാദ്യവും നഷ്ടപ്പെടുത്തി. ഈ കാര്യങ്ങൾ വളരെകുറച്ച് പേർ മാത്രമേ മനസ്സിലാക്കുന്നുള്ളൂ, ഏതു കുട്ടികളാണോ സേവനത്തിലുള്ളത് അവർ വാർത്ത നൽകികൊണ്ടിരിക്കും. മനസ്സിലാക്കിച്ചു കൊടുക്കണം ഇത് ഈശ്വരീയ കുടുംബമാണ് . ഈശ്വരൻ ദാതാവാണ്, ആ ബാബ ഒരിക്കലും എടുക്കുന്നില്ല. ആ ബാബയ്ക്ക് ആരും ഒന്നും നൽകുന്നില്ല, മാത്രമല്ല എല്ലാം നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നു.

ബാബ നിങ്ങളോട് ചോദിക്കുകയാണ് നിങ്ങൾക്ക് എത്ര അളവററ ധനം നൽകി. നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി, അതെല്ലാം എവിടെ പോയി? ഇത്രയും ദരിദ്രർ എങ്ങനെയായി? ഇപ്പോൾ ബാബ വീണ്ടും വന്നിരിക്കുന്നു, നിങ്ങൾ എത്ര പദമാപദം ഭാഗ്യവാനായി മാറിയിരിക്കുന്നു. മനുഷ്യർ ഈ കാര്യങ്ങളെ കുറിച്ച് അറിയുന്നതേയില്ല. നിങ്ങൾ അറിയുന്നു ഇപ്പോൾ ഈ പഴയ ലോകത്തിൽ വസിക്കേണ്ട കാര്യമില്ല. ഇത് അവസാനിക്കുവാൻ പോകുന്നു. മനുഷ്യരുടെ അടുത്ത് എത്രയധികം പൈസയുണ്ടോ അത് ആരുടേയും കൈവശം വരില്ല. വിനാശം സംഭവിക്കുമ്പോൾ എല്ലാം നശിക്കും. എത്ര മൈലുകളോളമാണ് വലിയ വലിയ കെട്ടിടങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. വളരെയധികം സമ്പാദ്യം, പക്ഷേ എല്ലാം ഇല്ലാതാകും എന്തുകൊണ്ടെന്നാൽ നിങ്ങൾ അറിയുന്നു എപ്പോഴാണോ നമ്മുടെ രാജധാനിയായിരുന്നത് അപ്പോൾ വേറെയാരും ഉണ്ടായിരുന്നില്ല. അവിടെ അളവററ ധനം ഉണ്ടായിരുന്നു. നിങ്ങൾക്ക് മുന്നോട്ട് പോകുമ്പോൾ എന്തൊക്കെ സംഭവിക്കുമെന്ന് കാണാൻ കഴിയും. അവരുടെ അടുത്ത് ഇത്ര സ്വർണ്ണം, ഇത്ര വെള്ളി, പണം ഉണ്ട് ഇതിന്റെയെല്ലാം ബജററ് കൊണ്ടുവരും. അനൗൺസ് ചെയ്യും ഇത്ര ബജററ്, അതിനാൽ ഇത്ര ചെലവുമുണ്ട്. വെടിക്കോപ്പുകൾക്ക് വേണ്ടി എത്ര ചെലവു ചെയ്യുന്നു. ആയുധത്തിന് വേണ്ടി ഇത്രയും ചെലവ് ചെയ്യുന്നു, പക്ഷേ അതിലൂടെ യാതൊരു വരുമാനവും ഇല്ല. ഇത് സൂക്ഷിച്ച് വയ്ക്കുവാനുള്ള സാധനവുമല്ല. സ്വർണ്ണവും, വെള്ളിയും സൂക്ഷിച്ചു വയ്ക്കുന്നു. ലോകം ഗോൾഡൻ ഏജായിരുന്നപ്പോൾ സ്വർണ്ണ നാണയമായിരുന്നു. സിൽവർ ഏജായപ്പോൾ വെള്ളി നാണയം. അവിടെ അളവററ ധനം ഉണ്ടായിരുന്നു, പിന്നീട് കുറഞ്ഞ് – കുറഞ്ഞ് ഇപ്പോൾ നോക്കൂ എന്തായിയെന്ന്? കടലാസ് നോട്ട് . വിദേശത്തുപോലും കടലാസ് നോട്ടാണ്. കടലാസ് യാതൊരു ഉപയോഗവുമില്ലാത്തതാണ്. ബാക്കി എന്ത് അവശേഷിക്കും ? ഈ വലിയ വലിയ കെട്ടിടങ്ങൾ ഇതെല്ലാം ഇല്ലാതാകും, അതിനാൽ ബാബ പറയുന്നു– മധുര–മധുരമായ കുട്ടികളേ, ഈ കാണുന്നതൊന്നും തന്നെ ഇല്ലായെന്ന് മനസ്സിലാക്കൂ. ഇതെല്ലാം നശിക്കുവാൻ പോകുന്നു. ആര് എത്ര തന്നെ സുന്ദരനായിരുന്നാലും ഈ ശരീരം പോലും പഴയത് കാൽ കാശിന് വിലയില്ലാത്തതായി. ഈ ലോകം പോലും കുറച്ച് സമയം മാത്രമേയുള്ളൂ. ഒരു അഭയ സ്ഥാനവുമില്ല. ഇരിക്കെ – ഇരിക്കെ മനുഷ്യർക്ക് എന്ത് സംഭവിക്കുന്നു. ഹാർട്ട് അററാക്കും ഉണ്ടാകുന്നു. മനുഷ്യന്റെ കാര്യത്തിൽ യാതൊരു വിശ്വാസവുമില്ല. സത്യയുഗത്തിൽ അങ്ങനെ ഒരിക്കലും സംഭവിക്കില്ല. അവിടെ യോഗബലത്തിലൂടെ ശരീരം കൽപ്പതരുവിന് സമാനമായിരിക്കും. ഇപ്പോൾ നിങ്ങൾക്ക് ബാബയെ ലഭിച്ചിരിക്കുന്നു – പറയുന്നു, നിങ്ങൾക്ക് ഈ ലോകത്തിൽ വസിക്കേണ്ട കാര്യമില്ല. ഇത് മോശം ലോകമാണ്. ഇപ്പോൾ യോഗബലത്തിലൂടെ തന്റെ അലങ്കാരം ചെയ്യണം. അവിടെ കുട്ടികൾ പോലും യോഗബലത്തിലൂടെയാണ് ജന്മം എടുക്കുന്നത്. വികാരത്തിന്റെ കാര്യമേ അവിടെ ഇല്ല. യോഗബലത്തിലൂടെ നിങ്ങൾ മുഴുവൻ വിശ്വത്തേയും പാവനമാക്കുന്നു,അപ്പോൾ മററ് കാര്യങ്ങൾ എന്താ വലുതാണോ. ഈ കാര്യങ്ങൾ പോലും തന്റെ രാജധാനിയിലുള്ളവർ മാത്രമേ മനസ്സിലാക്കൂ. ബാക്കി എല്ലാവരും നമ്മുടെ വീട് ശാന്തിധാമിലേയ്ക്ക് പോകും. പക്ഷേ മനുഷ്യർ അതിനെ വീട് എന്ന് പോലും മനസ്സിലാക്കുന്നില്ല. അവർ പറയുന്നു–ഒരാത്മാവ് പോകുന്നു, മറെറാന്ന് വരുന്നു. സൃഷ്ടി വർദ്ധിച്ചു കൊണ്ടിരിക്കുന്നു. രചയിതാവിനേയും, രചനയേയും നിങ്ങൾ അറിയുന്നു, അതിനാൽ പരിശ്രമിച്ച് മററുള്ളവർക്കും മനസ്സിലാക്കി കൊടുക്കൂ. നമ്മൾ ഇപ്പോൾ അമരലോകത്തിലേയ്ക്ക് പോകുന്നു. അരകൽപ്പം അസത്യ കഥകൾ കേട്ടു. നമ്മൾ അമരലോകത്തിലേയ്ക്ക് പോകും – ഈ സന്തോഷമുണ്ടായിരിണം. ഇപ്പോൾ ഈ മൃത്യുലോകത്തിന്റെ അവസാനമാണ്. സന്തോഷത്തിന്റെ ഖജനാവ് ഇവിടുന്ന് നിറച്ച് കൊണ്ടുപോകണം.അതിനാൽ ഈ സമ്പാദ്യം ചെയ്യുന്നതിൽ, സഞ്ചി നിറയ്ക്കുന്നതിൽ നല്ല രീതിയിൽ മുഴുകണം. സമയം നഷ്ടപ്പെടുത്തരുത്. കേവലം നമുക്ക് ഇപ്പോൾ മററുള്ളവരുടെ സേവനം ചെയ്യണം, സഞ്ചി നിറയ്ക്കണം. ബാബ പഠിപ്പിക്കുന്നു, എങ്ങനെ ദയാഹൃദയനാകാം ? അന്ധന്മാരുടെ ഊന്ന് വടിയാകൂ. ഈ

ചോദ്യം ഏതെങ്കിലും സന്യാസി, വിദ്വാന്മാർക്കോ ചോദിക്കുവാൻ കഴിയില്ല. സ്വർഗ്ഗം എവിടെ, നരകം എവിടെ അവർക്ക് എന്ത് അറിയാം. ആര് എത്ര തന്നെ പദവിയിലുള്ളവരാകട്ടെ, ഏറോപ്ലയിനിന്റെ കമാൻറർ ചീഫ് ആകട്ടെ, യുദ്ധത്തിന്റെ കമാൻറർ ഇൻ ചീഫ് ആകട്ടെ, കപ്പലിന്റെ കമാൻറർ ഇൻ ചീഫ് ആകട്ടെ പക്ഷേ നിങ്ങളുടെ മുന്നിൽ ഇവരാരും ഒന്നുമല്ല? നിങ്ങൾ അറിയുന്നു ബാക്കി കുറച്ച് സമയം മാത്രമേയുള്ളൂ. സ്വർഗ്ഗത്തെ കുറിച്ച് ആർക്കും അറിയില്ല. ഈ സമയം എല്ലാ ഭാഗത്തും പ്രശ്നങ്ങൾ നടന്നുകൊണ്ടിരിക്കുന്നു., പിന്നീട് അവർക്ക് എയ്റോപ്ലയ്ൻ, സൈന്യം ഇതിന്റെ ആവശ്യമില്ല. ഇതെല്ലാം ഇല്ലാതാകും. ബാക്കി കുറച്ച് മനുഷ്യർ മാത്രമേ അവശേഷിക്കുകയുള്ളൂ. ഈ വൈദ്യുതി, എയ്റോപ്ലയ്ൻ എല്ലാം ഉണ്ടായിരിക്കും പക്ഷേ ലോകം വളരെ ചെറുതായിരിക്കും, കേവലം ഭാരതം മാത്രമേ ഉണ്ടാകൂ. ഏതുപോലെ ചെറിയ മോഡൽ ഉണ്ടാക്കാറില്ലേ. മരണം അവസാനം എങ്ങനെ വരും ഇതാരുടേയും ബുദ്ധിയിൽ ഇല്ല. മരണം മുന്നിൽ നിൽക്കുകയാണ് ഇത് നിങ്ങൾ അറിയുന്നുണ്ട്. അവരും പറയും നമ്മൾ ഇവിടെ ഇരിക്കെ ബോംബ് ഇടും. എവിടെ വീഴുന്നുവോ അവിടെ എല്ലാം ഇല്ലാതാകും. ഒരു സേനയുടെ ആവശ്യം പോലുമില്ല. ഓരോരോ എയ്റോപ്ലയ്നും കോടികളുടെ ചെലവാണ്. എത്ര സ്വർണ്ണമാണ് എല്ലാവരുടേയും അടുത്ത് ഉള്ളത്. ടൺ കണക്കിന് സ്വർണ്ണമാണ്,  അതെല്ലാം സമുദ്രത്തിൽ പോകും.

ഈ മുഴുവൻ രാവണ രാജ്യവും ഒരു ദ്വീപാണ്. ഇവിടെ എത്ര മനുഷ്യരാണ്. നിങ്ങൾ എല്ലാവരും അവരവരുടെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു, അതിനാൽ സേവനത്തിൽ ബിസ്സിയായിരിക്കണം. എവിടെയെങ്കിലും വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ എത്ര ബിസ്സിയാണ്, എല്ലാവർക്കും ആഹാരവും മററും എത്തിക്കുന്ന സേവനത്തിൽ മുഴുകുന്നു. വെള്ളം വരുമ്പോൾ ആദ്യമേ ഓടി രക്ഷപ്പെടുന്നു, അപ്പോൾ ചിന്തിക്കൂ എല്ലാം എങ്ങനെയാണ് നശിക്കുന്നത്. സൃഷ്ടിക്ക് ചുററും സമുദ്രമാണ്. വിനാശം ഉണ്ടാകുമ്പോൾ എങ്ങും ജലമയം, വെള്ളം തന്നെ വെള്ളം. ബുദ്ധിയിൽ ഉണ്ടായിരിക്കണം നമ്മുടെ രാജ്യമായിരുന്നപ്പോൾ ഈ ബോംബെ, കറാച്ചി ഇതൊന്നും ഇല്ലായിരുന്നു. മധുരമായ നദീ തീരത്ത് ഭാരതം എത്ര ചെറുതാകും. അവിടെ കിണറിന്റെ ആവശ്യവും ഇല്ല. വെള്ളം വളരെ സ്വച്ഛവും കുടിക്കാൻ പറ്റിയതുമായിരിക്കും. നദികളിൽ വിനോദ കളികളെല്ലാം നടത്തുന്നു. ദുർഗ്ഗന്ധത്തിന്റെ യാതൊന്നുമില്ല. പേര് തന്നെ അമരലോകം,സ്വർഗ്ഗം. പേര് കേൾക്കുമ്പോൾ തന്നെ വളരെ പെട്ടെന്ന് ബാബയിൽ നിന്ന് പഠിച്ച് സമ്പത്ത് എടുക്കണം. പഠിക്കണം, പിന്നീട് പഠിപ്പിക്കണം. എല്ലാവർക്കും സന്ദേശം കൊടുക്കണം. കല്പം മുമ്പ് ആരാണോ സമ്പത്ത് എടുത്തത് അവർ തന്നെ ഇപ്പോഴും എടുക്കും. പരിശ്രമിച്ചുകൊണ്ടിരിക്കുന്നു, എന്തുകൊണ്ടെന്നാൽ ബാബയെ അറിയുന്നില്ല. ബാബ പറയുന്നു പവിത്രമാകൂ. ആരുടെ ഉള്ളം കൈയ്യിലാണോ സ്വർഗ്ഗം ലഭിക്കുന്നത് അവർക്ക് എന്തുകൊണ്ട് പവിത്രമായി ഇരുന്നുകൂടാ. പറയൂ നമുക്ക് വിശ്വത്തിന്റെ അധികാരം ലഭിക്കുന്നു പിന്നെ എന്തുകൊണ്ട് പവിത്രമായി ഇരുന്നുകൂടാ. ഭഗവാനുവാച – നിങ്ങൾ ഈ അന്തിമ ജന്മം പവിത്രമാകൂ എങ്കിൽ 21 ജന്മത്തേയ്ക്ക് പവിത്ര ലോകത്തിന്റെ അധികാരിയാകും.  കേവലം ഈ ഒരു ജന്മം ബാബയുടെ ശ്രീമത്ത് അനുസരിച്ച് നടക്കൂ. രക്ഷാബന്ധനവും ഇതിന്റെ അടയാളമാണ്. പിന്നെ എന്തുകൊണ്ട് നമുക്ക് പവിത്രമായികൂടാ. പരിധിയില്ലാത്ത ബാബ ഗ്യാരന്റി നൽകുന്നു. ബാബ ഭാരതത്തിന് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകിയിരുന്നു, അതിനെ സുഖധാമമെന്ന് പറയുന്നു. അപാരസുഖമായിരുന്നു, ഇത് ദു:ഖധാമം. അങ്ങനെ നിങ്ങൾ ഏതെങ്കിലും ഉന്നത വ്യക്തിക്ക് മനസ്സിലാക്കി കൊടുക്കൂ എങ്കിൽ എല്ലാവരും കേൾക്കും. യോഗത്തിൽ ഇരുന്ന് കേൾപ്പിക്കൂ എങ്കിൽ സമയം പോലും മറന്ന് പോകും. ആരും ഒന്നും പറയില്ല. 15 –20 മിന്നിട്ടിന് പകരം മണിക്കൂറുകൾ കേട്ടുകൊണ്ടിരിക്കും. പക്ഷേ യോഗ ശക്തി വേണം. ദേഹാഹങ്കാരം ഉണ്ടാകുവാനേ പാടില്ല. ഇവിടെ സേവനം തന്നെ സേവനം ചെയ്യണം അപ്പോൾ മംഗളം ഉണ്ടാകും. രാജാവാകണമെങ്കിൽ പ്രജകളെ തയ്യാറാക്കണം. അല്ലാതെ ബാബ  തലയിൽ കിരീടം വച്ചു തരും, അങ്ങനെ ഒരിക്കലുമില്ല. എന്താ പ്രജ ഡബിൾ കിരീടധാരിയാകുമോ? ഡബിൾ കിരീടധാരിയാകുക – ഇതാണ് നിങ്ങളുടെ ലക്ഷ്യം. ബാബ കുട്ടികളെ ഉൽസാഹപ്പെടുത്തുന്നു. ജന്മ–ജന്മാന്തരത്തെ പാപം ശിരസ്സിലുണ്ട് അത് യോഗബലത്തിലൂടെ ഇല്ലാതാക്കണം. ബാക്കി ഈ ജന്മം എന്തെന്ത് ചെയ്തു, അത് നിങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുമല്ലോ. പാപം  ഇല്ലാതാകുവാൻ യോഗവും മററും പഠിപ്പിക്കുന്നു. ബാക്കി ഈ ജന്മ ത്തിന്റെ കാര്യമൊന്നും തന്നെയില്ല. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകുന്നതിന്റെ യുക്തി ബാബ പറഞ്ഞു തരുന്നു, ബാക്കി കൃപയും മററും സന്യാസിമാരോട് യാചിക്കൂ. ശരി.

വളരെക്കാലത്തെ വേർപ്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും.ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കായുള്ള മുഖ്യ സാരം :-**

1. അമരലോകത്ത് പോകുന്നതിനു വേണ്ടി സംഗമത്തിൽ സന്തോഷത്തിന്റെ ഖജനാവ് നിറയ്ക്കണം. സമയം നഷ്ടപ്പെടുത്തരുത്. തന്റെ സഞ്ചി നിറച്ച് ദയാഹൃദയരായി അന്ധന്മാരുടെ ഊന്ന് വടിയാകണം.

2. ഉള്ളം കൈയ്യിൽ സ്വർഗ്ഗം എടുക്കുന്നതിന് വേണ്ടി തീർച്ചയായും പവിത്രമാകണം. സ്വയത്തെ സതോപ്രധാനമാക്കുന്നതിന്റെ യുക്തി രചിച്ച് സ്വയം തന്റെ മേൽ കൃപ കാണിക്കണം. യോഗബലം ശേഖരിക്കണം.

**വരദാനം - യജമാനനെ സദാ കൂടെ വെച്ച് കമ്പൈന്റ് സ്വരൂപത്തിന്റെ അനുഭവം ചെയ്യുന്ന വിശേഷ പാർട്ട്ധാരിയായി ഭവിക്കൂ.**

കുട്ടികൾ ഹൃദയത്താൽ ബാബാ എന്ന് വിളിക്കുകയാണെങ്കിൽ ദിലാരാമൻ ഹാജറാകുന്നു, അതിനാലാണ് പറയുന്നത് യജമാനൻ ഹാജറാണ് എന്ന്. വിശേഷ ആത്മാക്കൾ തന്നേയാണ് കമ്പൈന്റാകുന്നത്. ലോകർ പറയുന്നത് എവിടെ നോക്കിയാലും അവിടെയെല്ലാം അങ്ങ് മാത്രം നിങ്ങൾ കുട്ടികൾ പറയുന്നു ഞങ്ങൾ എന്ത് ചെയ്യുമ്പോഴും, എവിടെ പോകുമ്പോഴും ബാബ കൂടെ തന്നെയുണ്ട്. ചെയ്യുന്നതുംചെയ്യിപ്പിക്കുന്നതും എന്ന് പറയാറുണ്ട്, എങ്കിൽ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും കമ്പൈന്റായി മാറി. ഈ സ്മൃതിയിലിരുന്ന് പാർട്ടഭിനയിക്കുന്നവർ വിശേഷ പാർട്ട് ധാരിയായി മാറുന്നു.

**സ്ലോഗൻ - തന്നെ ഈ പഴയ ലോകത്തിലെ ഗസ്റ്റ് (അതിഥി) എന്ന് മനസിലാക്കിയാൽ പഴയ സംസ്ക്കാരങ്ങളേയും, സങ്കൽപ്പങ്ങളേയും ഗെറ്റ് ഔട്ട് (പുറത്താക്കാൻ) സാധിക്കും.**